പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :7170 — 11.07.2014 ൽ മറുപടി നൽകേണ്ടത്

# വയനാട് ജില്ലയിലെ നികുതി സ്വീകരിക്കാത്ത വില്ലേജുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ എം.വി. ശ്രേയാംസ്കുമാർ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഗവൺമെന്റ് ലാന്റ് റിസംപ്ഷൻ സ്പെഷ്യൽ ഓഫീസറുടെ 31-3-2014-ലെ നം. ജി.എൽ.ആർ. (എൽ.ആർ) - 02/2013(1) ാം നമ്പർ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. എച്ച്. എം. എൽ. ഭൂമി കൈവശം വയ്ക്കുന്ന കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട്, കോഴിക്കോട്, എന്നീ 8 ജില്ലാ കളക്ടർമാർക്കും 31/03/2014 — ൽ സ്പെഷ്യൽ ഓഫീസർ & കളക്ടർ കത്ത് നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ ഏതെല്ലാം വില്ലേജുകളിലാണ് നികുതി സ്വീകരിക്കാത്തതെന്നെന്നു വെളിപ്പെടുത്തുമോ; | ബി) 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ അവസാനിക്കും വരെ പ്രസ്തുത 8 ജില്ലകളിലും പഴയ വില്ലേജ് റിക്കാർഡുകൾ പ്രകാരം വിദേശ കമ്പനികളുടെ പേരിൽ കാണുന്ന എല്ലാ ഭൂമിക്കും കരം സ്വീകരിക്കുന്നതും റവന്യൂ രേഖകൾ നൽകുന്നതും നിർത്തി വയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) ഇപ്രകാരം ഒരു കത്ത് തയ്യാറാക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | സി) വിദേശ കമ്പനികൾ കൈവശം വെച്ചിരിക്കുന്ന ഭൂമി, M/s HML നെപ്പോലെ തന്നെ മറ്റുള്ളവരും അനധികൃത ലാന്റ് ട്രൈബ്യൂണൽ പട്ടയങ്ങളും മറ്റും നേടി, കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 82 — ൽ പരാമർശിക്കുന്ന സീലിങ് പരിധിക്കപ്പുറം കൈവശം വയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. KLR Act ലെ സെക്ഷൻ 74(1), (2) എന്നിവയ്ക്ക് വില കല്പിക്കാതെ 01/04/1964 ന് ശേഷവും 'കുടിയായ്മ' അനുവദിച്ചിട്ടുണ്ട്. M/s HML ആധാരം ചെയ്ത് നൽകാതെ തന്നെ ഇത്തരം ഭൂമി കൈവശം വയ്ക്കുന്നവരും ഉണ്ട്. കേരള ഭൂപരിഷ്കരണ നിയമ പ്രകാരമുള്ള 'കുടിയാൻ പട്ടയം' സെക്ഷൻ 72 (ബി) (1)(എ)(ബി) എന്നിവയിലെ സീലിങ് പരിധി ലംഘിച്ച് കൊണ്ട് നൽകിയിട്ടുള്ളവയിൽ, പ്രസ്തുത വിദേശ കമ്പനികളുടെ കൈവശം ഉണ്ടായിരുന്ന ഭൂമിയും ഉൾപ്പെടുന്നു. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലും, സംസ്ഥാനത്തും നിലവിൽ വന്ന FERA, Independence Act, KLR Act, |

......2

Companies Act എന്നിവ പ്രകാരം പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാകേണ്ട തായിരുന്നു. ഈ സാഹചര്യത്തിലാണ് നിലവിൽ നടന്നു വരുന്ന KLC Act 1957 പ്രകാരമുള്ള നടപടികൾ അവസാനിക്കും വരെ പ്രസ്തുത ഭൂമിയിൽ നിയന്ത്രണം ഏർപ്പെടുത്തി യിട്ടുള്ളത്.

(ഡി) ഇതു സംബന്ധിച്ച കോടതി വിധി യിൽ നികുതി സ്വീകരിക്കുന്നത് നിറുത്തണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാ ക്കുമോ ?

ഡി) 31.03.2014 ലെ കത്തുമായി ബന്ധപ്പെട്ട് കോടതി നിർദ്ദേശങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

C.L.V. Kumar

സെക്ഷൻ ഓഫീസർ